# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം, ഇവിഎസ് - പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 2 | യൂണിറ്റ് : 2 കുട്ടിപ്പുര | മൊഡ്യൂൾ 6 വീട് നിർമ്മാണം |
|---|---|---|

| | |
|---|---|
| ആമുഖം | പരിസരപഠനം, ഭാഷ എന്നീ വിഷയങ്ങളുടെ ഉദ്ഗ്രഥിത പ്രവർത്തനങ്ങളാണ് ഈ മൊഡ്യൂളിലുള്ളത്. ക്ഷണക്കത്ത്, സംഭാഷണം എന്നീ വ്യവഹാര രൂപങ്ങളും വീടുനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ വീടിന്റെ ഭാഗങ്ങൾ എന്നിവയും ചർച്ച ചെയ്യുന്നുണ്ട്. |
| ആശയങ്ങൾ | ആളുകൾ പലതരം വീടുകളിൽ പാർക്കുന്നു. വീടുകൾ വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലും ഉണ്ട്. ഓരോ ആവശ്യത്തിനും വീട്ടിൽ വെവ്വേറെ ഇടങ്ങളുണ്ട്. വീട്ടിനുള്ളിൽ വായുസഞ്ചാരവും വെളിച്ചവും വേണം. ചുറ്റുപാടുകൾ വൃത്തിയുള്ളതായിരിക്കണം. ആരോഗ്യകരമായ ജീവിതത്തിന് വൃത്തിയുള്ള വീടും ചുറ്റാപാടും ആവശ്യമാണ്. വീടുനിർമ്മിക്കുന്നതിന് വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിക്കുന്നു. നമ്മുടെ നാട്ടിൽ വീടില്ലാതെ കഷ്ടപ്പെടുന്നവരുണ്ട്. |
| പഠനനേട്ടം : | സ്വാഭാവിക തുടർച്ചയോടെ സംഭാഷണങ്ങളിലേർപ്പെടുകയും എഴുതുകയും ചെയ്യുന്നു. ലഘു കടങ്കഥകൾക്ക് ഉത്തരം നൽകുകയും ലളിതമായ കടങ്കഥകൾ രൂപീകരിച്ച് ചോദിക്കുകയും ചെയ്യുന്നു. അറിയിപ്പുകൾ, ക്ഷണക്കത്ത് എന്നിവ വായിച്ച് അവയുടെ ഉള്ളടക്കം, ഘടന, ഭാഷാരീതി എന്നിവ തിരിച്ചറിയുകയും ക്ഷണക്കത്ത് തയ്യാറാക്കുകയും ചെയ്യുന്നു. വീടിന്റെ വിവിധ ഭാഗങ്ങൾ അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്ന പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. ആരോഗ്യകരമായ വീടിന്റെ പ്രത്യേകതകൾ തിരിച്ചറിയുകയും സ്വന്തം വീട് ആരോഗ്യകരമാണോ എന്ന് പരിശോധിച്ച് കണ്ടെത്തലുകൾ എഴുതുകയും ചെയ്യുന്നു. വീടും ചുറ്റുപാടും ശുചീകരണത്തിൽ പങ്കാളിയാകുന്നു. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ വേണമെന്ന മനോഭാവം വളരുന്നു. വിവിധതരം വീടുകളുടെ മാതൃകകൾ നിർമ്മിക്കുന്നു. വിവിധതരം വീടുകളുടെ ചിത്രം ശേഖരിച്ചു ആൽബം തയ്യാറാക്കുന്നു. പരിമിത സന്ദർഭങ്ങളെ സംഭാഷണം, ചലനം എന്നിവയിലൂടെ സംഘമായി അവതരിപ്പിക്കുന്നു. കവിതകൾ, കുട്ടിപ്പാട്ടുകൾ താളത്തോടെ പാടുന്നു. |
| വ്യവഹാര രൂപം | സംഭാഷണം, ക്ഷണക്കത്ത്, കടങ്കഥ |
| പ്രക്രിയാശേഷി | നിരീക്ഷണം, തരംതിരിക്കൽ, നിഗമനം, നിർമ്മാണം |
| പഠനസാമഗ്രി | ചിത്രങ്ങൾ, ഹാർഡ്ബോർഡ് (ആൽബം നിർമ്മാണം) |
| സമയം | 8 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. പഠനയാത്ര 2. വീടുനിർമ്മാണം 3. തരംതിരിക്കൽ (വർക്ക്ഷീറ്റ് 5 -ടി.ടി.) 4. വിശേഷണങ്ങൾ ചേർക്കാം 5. ചിഹ്നങ്ങൾ ചേർത്തെഴുതാം 6. കടങ്കഥ 7. ക്ഷണക്കത്ത് (വർക്ക്ഷീറ്റ് 6- ടി.ടി.) 8. എഡിറ്റിംഗ് 9. സംഭാഷണം 10. എത്ര പദങ്ങൾ 11. വൃത്തിയുള്ള പരിസരം 12. ആൽബ നിർമ്മാണം 13. കണ്ണാടി - 1. 14. കണ്ണാടി - 2 |
| വായനാസാമഗ്രി | സംഭാഷണം, ക്ഷണക്കത്ത്, കടങ്കഥ |
| വർക്ക്ഷീറ്റ് | ടീച്ചർ ടെക്സ്റ്റ് പേജ് 158, 159 |

| | |
|---|---|
| പോസ്റ്റർ | വിവിധതരം വീടുകൾ |
| ചുമർചിത്രം | വീടുകൾ ചിത്രം, കടങ്കഥകൾ, സംഭാഷണം, ക്ഷണക്കത്ത്. |
| ദിനാചരണം | ദിനാചരണ പരിപാടിയിലേക്ക് ക്ഷണക്കത്ത്. |
| സി.പി.ടി.എ. | പ്രദർശനം, പ്രകടനങ്ങൾ, പഠനനേട്ടം - ചർച്ച |

**പ്രവർത്തനങ്ങൾ - സൂക്ഷ്മപ്രക്രിയ**

**1. പഠനയാത്ര (1 മണിക്കൂർ)**

വീടു നിർമ്മാണം എങ്ങനെ ? വീടു നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾ എന്തെല്ലാം ? കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ എഴുതുന്നു. ഇത്രയും സാധനങ്ങൾ കൊണ്ട് വീടുണ്ടാക്കാൻ കഴിയുമോ ? എന്തെല്ലാം വേണം എന്ന് എങ്ങനെയാണ് കണ്ടെത്തുക. വീടുണ്ടാക്കുന്നത് കാണാൻ പോയാലോ ? പകുതിയിലേറെ പണികഴിഞ്ഞ വീടും, പൂർണ്ണമായും പണികഴിഞ്ഞ വീടും കാണാനായി പോകുന്നു. മുന്നൊരുക്കം : ഉടമസ്ഥന്റെ അനുമതി വാങ്ങണം. ആവശ്യമെങ്കിൽ രക്ഷിതാക്കളുടെ സഹായംതേടാം,

യാത്രാവേളയിൽ : അച്ചടക്കത്തോടെയുള്ള യാത്ര വീടിന്റെ വിവിധ ഭാഗങ്ങൾ - നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾ - വിവിധ പണിക്കാർ തുടങ്ങിയവ എഴുതിയെടുക്കുന്നു. പഠനയാത്രയ്ക്കു ശേഷം - കണ്ടെത്തിയ കാര്യങ്ങൾ പങ്കുവെയ്ക്കുന്നു. മറ്റുള്ളവർ കൂട്ടിചേർക്കുന്നു. എല്ലാവരും ചർച്ചയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കണം.

**പ്രതികരണപേജിലേക്ക്**

പഠനയാത്ര മറ്റു പ്രവർത്തനങ്ങളിൽ നിന്ന് എങ്ങനെ വേറിട്ടു നിന്നു ? നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം ? കുട്ടികളെക്കുറിച്ച് എന്ത് അറിവാണ് കൂടുതലായി ലഭിച്ചത് ?

**2. വീടുനിർമ്മാണം - വസ്തുക്കൾ (40 മിനിട്ട്)**

| | | | | | | | |
|---|---|---|---|---|---|---|---|
| ചു | ള | മ | രം | ടൈ | ൽ | സ് | ഇ |
| നെ | യ്യ | പ്പം | ക | | ക | ക | ല |
| ചാ | ക | ര | രി | ഓ | മ്പി | പ | ക |
| ൻ് | ഓ | ല | ങ്ക | ട് | മു | ള | ൾ |
| തി | ന | ക | ല്ല് | മ | ണ്ണ് | തി | രാ |
| റ | വ | ഇ | ഷ് | ടി | ക | മി | ജ |
| കു | ര | പെ | ക | നാ | സി | ല | കു |
| ര | ത് | യി | ട | ര | മ | ചു | മാ |
| ൽ | നം | ന്റ് | വെ | ള്ളം | ന്റ് | പു | രി |

ടി.ബി. പേജ് 33 ൽ കൊടുത്ത കളങ്ങളിൽ വീടുനിർമ്മാണത്തിനു വേണ്ട വസ്തുക്കൾ ഒളിഞ്ഞിരിപ്പുണ്ട്. കണ്ടെത്തിയ വാക്കുകൾക്ക് നിറം നൽകൂ.

വ്യക്തിഗതമായി ശ്രമിക്കുന്നു. (5 മിനിട്ട്) കണ്ടെത്തിയ പദങ്ങൾക്ക് മഞ്ഞ നിറം നൽകുന്നു. നോട്ട് പുസ്തകത്തിലേക്ക് എടുത്തെഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെക്കുന്നു. (10 മിനിട്ട്). ഓരോരുത്തരായി പറയണം - വിലയിരുത്തുന്നു. സ്വന്തം ശേഖരണത്തിലേക്ക് ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. ടീച്ചർ ലിസ്റ്റ് ചെയ്യുന്നു. (മരം, ടൈൽസ്, കരിങ്കല്ല്, ഇഷ്ടിക, മണ്ണ്, കമ്പി, സിമന്റ്, പെയിന്റ്, വെള്ളം, ഓട്, ഓല, മുള) എല്ലാ പദങ്ങളും കളർ ചെയ്യുന്നതിലൂടെ മഞ്ഞനിറമുള്ള വീട് രൂപപ്പെടും.


***പ്രതികരണ പേജിലേക്ക്***

എല്ലാവരും പദങ്ങൾ കണ്ടെത്താൻ കഴിഞ്ഞോ. കുട്ടികൾ നേരിട്ട പ്രശ്നം എന്താണ്

### 3. തരംതിരിച്ചെഴുതാം

നിങ്ങൾ കണ്ട വീടുകൾക്ക് എന്തെല്ലാം ഭാഗങ്ങളാണ് ഉള്ളത് കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. മേൽക്കൂര, ചുമർ, തറ

നിങ്ങൾ എഴുതിയ വസ്തുക്കൾ ഓരോന്നും വീടിന്റെ ഏതു ഭാഗം നിർമ്മിക്കാൻ ഉപയോഗിക്കുന്നു എന്ന് പട്ടികപ്പെടുത്തുക. പട്ടിക സ്വന്തമായി വരച്ചു നോക്കൂ. ആവശ്യമെങ്കിൽ ടീച്ചർ സഹായിക്കണം) നോട്ട്ബുക്കിൽ വ്യക്തിഗതമായി എഴുതുക. ഗ്രൂപ്പിൽ അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ.



പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. പാഠപുസ്തകത്തിൽ എഴുതുന്നു. ഈ പ്രവർത്തനത്തിലൂടെ കുട്ടികൾനേടിയ ധാരണകൾ വിലയിരുത്തുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. കുട്ടികൾ നോട്ട്ബുക്കിൽ എഴുതുന്നു.

വീടിന് വിവിധ ഭാഗങ്ങളുണ്ട്, വീട് നിർമ്മിക്കാൻ പലവസ്തുക്കളും ഉപയോഗിക്കുന്നു.

വർക്ക്ഷീറ്റ് 2107 കുട്ടികൾക്ക് വിതരണം ചെയ്യുന്നു. കുട്ടികൾ വ്യക്തിഗതമായി

വർക്ക്ഷീറ്റ് പൂരിപ്പിക്കുന്നു. (5 മിനിട്ട്) ഗ്രൂപ്പിൽ അവതരണം – ഓരോരുത്തരും ഒരേ ഇനം അവതരിപ്പിച്ച ശേഷം ചർച്ച നടത്തി പൊതു ധാരണയുണ്ടാക്കണം. അതിനുശേഷം രണ്ടാമത്തെ ഇനം എടുക്കുക. പുതുതായി ലഭിച്ച ധാരണകൾ കൂട്ടിച്ചേർക്കുക. തുടർന്ന് പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കണം.

പട്ടിക പൂർത്തീകരിച്ച് ചാർട്ട് ചെയ്യുന്നു. വീടിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ച് കുട്ടികൾക്ക് എത്രമാത്രം ധാരണയുണ്ട്. സ്വന്തം വീടിന്റെ ഭാഗങ്ങൾ കണ്ടെത്താൻ പറയാമല്ലോ?


രക്ഷിതാക്കളുടെ ഇടപെടൽ ഗുണം ചെയ്തോ? ഗ്രൂപ്പു പ്രവർത്തനം സ്വയം നിയന്ത്രിക്കുന്നതിൽ കുട്ടികളുടെ നില എന്താണ് ?

ഭിന്നശേഷിയുള്ളവരെ സഹായിക്കാനായി വീടിന്റെ ചിത്രങ്ങൾ നൽകുന്നു. തറ/ ചുമർ/ മേൽക്കൂര – വരച്ച് വെട്ടി നൽകാം. – ഓരോന്നും ഓരോ കള്ളിയിൽ (വർക്ക് ഷീറ്റിൽ)

ഒട്ടിച്ച് നൽകാം അതിലേക്ക് വാക്കുകൾ എഴുതാൻ പറയുന്നു. അതിനും പ്രയാസമുള്ളവർക്ക്ക വാക്കുകൾ എഴുതിയ സ്ട്രിപ്പ് നൽകുന്നു. തിരഞ്ഞെടുത്ത് ഒട്ടിക്കാൻ ആവശ്യപ്പെടുന്നു.

**4. വിശേഷണങ്ങൾ ചേർക്കാം (40 മിനിട്ട്)**

സാരി – മഞ്ഞ സാരി – ഇതുപോലുള്ള വാക്കുകൾ നമ്മൾ കഴിഞ്ഞ പാഠത്തിൽ കണ്ടില്ലേ.. ഓർത്തു പറയാമോ? 'കളകളം പാടും അരുവി' 'പച്ചവിരിച്ച പാടങ്ങൾ  ഓർമ്മയിൽ നിന്നും പുസ്തകം നോക്കിയും കുട്ടികൾ പറയട്ടെ.  ഇത്തരം വാക്കുകൾ ഈ പാഠത്തിലുണ്ട്.  കണ്ടുപിടിക്കാമോ ? പാഠവായന കുട്ടികൾ കണ്ടെത്തി പറയുന്നു.  ടീച്ചർ ബോർഡിൽ എഴുതുന്നു.  ഈ വാക്കുകളുടെ പ്രത്യേകത എന്താണ് ? സാരി – മഞ്ഞസാരി  വസ്ത്രം – നനഞ്ഞ വസ്ത്രം  ചെമ്പകമരം – പൊൻ പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ചെമ്പകമരം.  ഇവിടെ സാരി എന്ന പദത്തെ വിശേഷിപ്പിക്കാനായി ഉപയോഗിച്ച വാക്കാണ് 'മഞ്ഞ' ഇതുപോലെ പാഠപുസ്തകത്തിൽ ധാരാളം വാക്കുകൾ വിശേഷണമായി ഉപയോഗിച്ചിട്ടുണ്ട്.  മഴയുടെ ശക്തി കാണിക്കാൻ പെരുമഴ എന്ന് കാണിച്ചിരിക്കുന്നു. സുന്ദരമായ കുട്ടിയുടെ... എങ്കിൽ ഇതുപോലെ ഒരു വാക്കിനെ വിശേഷിപ്പിക്കുന്ന എത്ര പദങ്ങൾ കണ്ടെത്താം.





കമ്പിളിത്തുണി
നനഞ്ഞതുണി
കട്ടിയുള്ള തുണി
വീതിയുള്ള തുണി
മിനുസമുള്ള തുണി
കീറിയ തുണി
കറുത്ത തുണി

ഇതുപോലെ പരിചിത പദങ്ങൾക്ക് വിശേഷണം ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുക.

***പ്രതികരണ പേജിലേക്ക്***

എഴുതാൻ കഴിയാത്ത കുട്ടികളിൽ എത്ര പേർ കൂടി എഴുതാൻ ശ്രമിച്ചു. കുട്ടികളുടെ പുരോഗതി കാണാൻ കഴിയുന്നുണ്ടോ ? പദസൂര്യൻ നിർമ്മാണം പിന്നാക്കക്കാർക്ക് സഹായകമാകുന്നതെങ്ങനെ തിരിച്ചറിവുകൾ  എന്തെല്ലാം

**5. ചിഹ്നങ്ങൾ ചേർത്തെഴുതാം (30 മിനുട്ട്)**




പാഠഭാഗം പേജ് 34 ലെ പ്രവർത്തനം കുട്ടികൾ വായിക്കട്ടെ. ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു. അടിയിൽ വരയിട്ട വാക്കുകൾ ശരിയായ ചിഹ്നങ്ങൾ ചേർത്ത് മറ്റി എഴുതണം. പാഠപുസ്തകം നോക്കി മറ്റു കുട്ടികൾ ശരിയായ രീതിയിൽ എഴുതുന്നു. എല്ലാവരും ചിഹ്നം ചേർത്ത് ശരിയാക്കി എഴുതി എന്ന് ഉറപ്പാക്കണം.  ടീച്ചർ ചാർട്ടിൽ ചിഹ്നം ചേർത്ത് എഴുതുന്നു. സ്വന്തം രചനയുമായി താരതമ്യം ചെയ്ത് ശരിയാക്കണം.

**6. കടങ്കഥകൾ (30 മിനിട്ട്)**

കടങ്കഥാ മത്സരം നടക്കുമ്പോൾ പോകുന്ന എല്ലാവും അറിയുന്നത്ര കടങ്കഥ ഓർമ്മിച്ച്

എഴുതണം. ഒരു നിബന്ധന. വീടുമായി ബന്ധമുള്ളതായിരിക്കണം നിങ്ങൾ പറയുന്ന കടങ്കഥ. വ്യക്തി ഗതമായി കുട്ടികൾ എഴുതുന്നു. ഗ്രൂപ്പിൽ ഓരോരുത്തരും കടങ്കഥ പറയുന്നു. വിലയിരുത്തൽ 2 സൂച കം. വീടുമായി  ബന്ധമുള്ളതാണ്




എല്ലാവരും ഒരു കടങ്കഥയെങ്കിലും എഴുതിയിട്ടുണ്ട്. താനെഴുതാത്തവ എഴുതി യെടുക്കുന്നു. ഗ്രൂപ്പുകൾ, തമ്മിൽ കടങ്കഥാ മത്സരം കടങ്കഥാ ശേഖരം വികസിപ്പി ക്കാൻ എന്തെല്ലാം ചെയ്യാം.

**7. ക്ഷണക്കത്ത് തയ്യാറാക്കാം. (60 മിനിട്ട്)**

ടി.ബി. പേജ് 35 ലെ ആഖ്യാനം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

ആശയം മനസ്സിലായവർ എത്ര പേർ. ആശയം മനസ്സിലാക്കിയവർ മറ്റുള്ളവരെ സഹായിക്കണം. ചില ക്ഷണക്കത്തുകൾ ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു. അവ കൂടി പരിശോധിച്ച് കത്തിന്റെ ഘടന മനസ്സിലാക്കുന്നു. (സ്ഥലം, തിയ്യതി, വീടിന്റെ പേര്, ക്ഷണക്കത്തുകൾ, എവിടേക്ക് ക്ഷണിക്കുന്നു. എന്താവശ്യത്തിന് വ്യക്തിഗ തമായി നോട്ട്ബുക്കിൽ എഴുതുന്നു. (10 മിനിട്ട്) ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ച് മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിൽ മികച്ചവ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. മികച്ചവ പൊതുവായി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ സൂചകം വെച്ച് വിലയിരുത്തുന്നു.

ക്ഷണക്കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.  ആശയവ്യക്തതയുണ്ട്  അക്ഷരം, ചിഹ്നം എന്നിവ കൃത്യമാ ണ്.  കുട്ടികളുടെ അവതരണത്തിന് ശേഷം ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു.  കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു.  സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു.  സ്വന്തം രചന മെച്ചപ്പെടുത്തുന്നു.



**പ്രതികരണപേജിലേക്ക്**

ക്ഷണക്കത്ത് എത്ര കുട്ടികൾക്ക് വായിക്കുംതിരിച്ചറിയും

**8. എഡിറ്റിംഗ് (40 മിനിട്ട്)**

ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. വിശകലനം ചോദ്യങ്ങ ളിലൂടെ എഡിറ്റ് ചെയ്യുന്നു.  ക്ഷണക്കത്തിൽ ആശയങ്ങൾ (കാര്യങ്ങൾ എല്ലാം വന്നിട്ടുണ്ടോ ) അക്ഷരം, ചിഹ്നം - ശരിയായിട്ടു തന്നെയല്ലേ എഴുതിയത്.  ക്ഷണ ക്കത്തിന്റെ ഘടന പാലിച്ചിട്ടുണ്ടോ (തിയ്യതി, സ്ഥലം, വീടിന്റെ പേര്, ക്ഷണിക്കുന്ന ആൾ, എവിടേക്ക്, ഏതാവശ്യത്തിന്) കുട്ടികൾ പ്രതികരിക്കുന്നു.  ടീച്ചർ ചാർട്ടിൽ തന്നെ തിരുത്ത് വരുത്തുന്നു.  കുട്ടികൾ സ്വന്തം രചനകൾ മാറ്റിയെഴുതുന്നു.  മിക ച്ചവ പ്രദർശിപ്പിക്കുന്നു. എല്ലാവരും പാ.പു. പേജ് 36 ൽ എഴുതുന്നു.  തുടർന്ന് വർക്ക്ഷീറ്റ് 6 (ടി.ടി. പേജ് 159) ഇവിടെ ചേർക്കുന്നു.

**9. സംഭാഷണം എഴുതാം. (60 മിനിട്ട്)**

കുട്ടിപ്പുര കാണാൻ സാവിത്രിക്കുട്ടി തന്റെ സുഹൃത്തായ ഗോകുലിനെയും ക്ഷണിച്ചു. 'കുട്ടിപ്പുര'യോ അതെന്താണ് ? ഗോകുലിന് കുറേ സംശയങ്ങൾ ഉണ്ടായിരുന്നു. അവന്റെ ചോദ്യങ്ങൾക്ക് സാവിത്രി ക്കുട്ടി വിശദമായി മറുപടി പറഞ്ഞു. എന്തെല്ലാമായിരിക്കും ഗോകുൽ ചോദിച്ചിട്ടുണ്ടാവുക ? സാവി ത്രിക്കുട്ടിയുടെ മറുപടി എന്തായിരിക്കും. ഊഹിച്ച് പറയൂ. കുട്ടികളെ ജോഡികളാക്കുന്നു. ഒരാൾ ഗോകുൽ മറ്റേയാൾ സാവിത്രിക്കുട്ടി. അവർ പറയാനിടയുള്ള സംഭാഷണം പറയുന്നു. മികച്ചവ പൊതു വായി അവതരിപ്പിക്കുന്നു. കുട്ടികളുടെ സംഭാഷണം ബോർഡിൽ എഴുതുന്നു. ഇനി പാഠപുസ്തക ത്തിലെ പേജ് 36,37 വായിച്ചു നോക്കൂ. വ്യക്തിഗത വായന, ഗ്രപ്പിൽ (2 അംഗം) ഓരോരുത്തരും വായി ക്കുന്നു. തുടർന്ന് കുറച്ച് പേരെക്കൊണ്ട് പൊതുവായി വായിക്കുന്നു. ടീച്ചർ ഭാവാത്മകമായി വായിക്കു ന്നു. കുട്ടികൾ ശ്രദ്ധിക്കുന്നു.

ടീച്ചർ ആശയം ക്രോഡീകരിക്കുന്നു. തുടർന്ന് എന്തൊക്കെയാവും അവർ പറഞ്ഞിട്ടുണ്ടാവുക. കുട്ടി കൾ സംഭാഷണം രൂപീകരിച്ചു പറയുന്നു. വ്യക്തിഗത രചന (നോട്ട് ബുക്കിൽ) ഗ്രൂപ്പിൽ മെച്ചപ്പെടു ത്തൽ - വിലയിരുത്തൽ സൂചകം (തുടർച്ച, സ്വാഭാവികം) പൊതു അവതരണം - ചർച്ച ടീച്ചർ വേർഷൻ അവതരണം ഗോകുൽ : എന്നാണ് ഞങ്ങൾ വരേണ്ടത് ? സാവിത്രിക്കുട്ടി : ആഗസ്ത് 15ന് (കത്ത് കൊടുക്കുന്നു.) ഗോകുൽ : കുട്ടിപ്പുര കാണാൻ കൊതിയാവുന്നു. എന്തെല്ലാമാണ് കുട്ടിപ്പുര യിൽ?

സാവിത്രിക്കുട്ടി : കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണോ ? നീ വന്ന് കണ്ട് നോക്ക്.  കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു സംഭാഷണത്തിന്റെ തുടർച്ച, സ്വാഭാവിക ചർച്ച ചെയ്യ ണം. കുട്ടികൾ സ്വയം മെച്ചപ്പെടുത്തുന്നു.  പാഠപുസ്തകത്തിൽ എഴുതുന്നു.  പ്രതികരണം - തിരിച്ച

റിയുക

## 10. എത്ര പദങ്ങൾ (60 മിനിട്ട്)

ഇനി ഒരു മത്സരമാണ്. വീടുമായി ബന്ധപ്പെട്ട് ധാരാളം പദങ്ങൾ വാക്കുകൾ പരിചയപ്പെട്ടു. മത്സരം ഇതുമായി ബന്ധപ്പെട്ടതാണ്. കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ടീച്ചർ നടുവിലും. വീടുമായി ബന്ധപ്പെട്ട ഒരു വാക്ക് ഒരു കുട്ടി പറയണം. അടുത്ത കുട്ടി അടുത്തത്. ഇങ്ങനെ റിലേയായി പറയണം. വീടുമായി ബന്ധമില്ലാത്ത പദം പറഞ്ഞാലും പറയാതിരുന്നാലും ഔട്ടാകും. കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. സംശയമുണ്ടെങ്കിൽ വാക്ക് പറഞ്ഞ കുട്ടി വ്യക്തമാക്കണം.



അവസാനം എത്തുന്ന അഞ്ചുപേർ വിജയികൾ. തുടർന്ന് കുട്ടികൾ വാക്കുകൾ നോട്ട്ബുക്കിൽ എഴുതുന്നു. പിന്നീട് പാഠപുസ്തകത്തിലേക്ക് എഴുതുന്നു. ലളിതമായിപ്പോയിയോ എല്ലാവരും പങ്കാളികളായില്ലേ - പ്രതികരണം.

## 11. വൃത്തിയുള്ള പരിസരം (40 മിനിട്ട്)

നിങ്ങളുടെ വീട് വൃത്തിയുള്ള വീടാണോ ?വീടിന്റെ ചുറ്റുപാടുകളോ ? നല്ല വീടിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ? എങ്ങനെ അറിയാം. പാ.പു. പേജ് 38 നോക്കുക. എന്തെല്ലാമാണ് പറഞ്ഞിരിക്കുന്നത്. കണ്ടെത്തി പറയണം. കുട്ടികൾ സ്വയം വായിക്കുന്നു. കണ്ടെത്തിയ കാര്യങ്ങൾ വായിച്ച് അവതരണം ചർച്ച. ഓരോരുത്തരും പെൻസിൽ ഉപയോഗിച്ച് എഴുതുന്നു. ഗ്രൂപ്പിൽ വായിച്ച് അവതരണം സ്വന്തം വീട് വൃത്തിയുള്ള വീടാവാൻ ഇനി എന്തെല്ലാം ചെയ്യണം - ഓരോരുത്തരും പ്രതികരിക്കുന്നു. ചിഹ്നങ്ങൾ മായ്ച്ചശേഷം പോയി അവയുമായി കൂടിയിരുന്ന് ശരിയായി പൂരിപ്പിക്കുന്നു. വൃത്തിയുള്ള വീടാവാൻ ഇനിയും ചെയ്യേണ്ടത് നോട്ട് ബുക്കിൽ എഴുതി വരുന്നു. അടുത്ത ദിവസം അവതരണം തുടർന്ന് ടീച്ചർവേർഷൻ 2153 അവതരണം (ആരേയും വേദനിപ്പിക്കാതെ വേണം അഭിപ്രായങ്ങൾ ക്രോഡീകരിക്കാൻ) തിരിച്ചറിവുകൾ - പ്രതികരണ പേജിലേക്ക്)

## 12. ആൽബം നിർമ്മിക്കാം (20 മിനിട്ട്)

വിവിധതരം വീടുകളുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. വീട്ടുപകരണങ്ങളുമാവാം. ചിത്രത്തിനടിയിൽ ഒരു വാചകം - ചിത്രത്തെക്കുറിച്ച് - എഴുതുന്നു. ആകർഷകമായി തയ്യാറാക്കണം. വീട്ടിലുള്ളവരുടെ സഹായം തേടാം. ക്ലാസ്സിൽ പ്രദർശനം വിലയിരുത്തൽ ചിത്രങ്ങളുടെ എണ്ണം, വീടുകളുടെ വൈവിധ്യ, ക്രമീകരണത്തിലെ ആകർഷണീയത, അടിക്കുറിപ്പിന്റെ ഭംഗി, ഈ സൂചകങ്ങൾ ആൽബം തയ്യാറാക്കുന്നതിന് മുമ്പ് ചർച്ച ചെയ്യണം. സി.പി.ടി.എ. യിൽ വിശദമാക്കണം. രക്ഷിതാക്കളുടെ സഹായത്തിന്റെ പരിധി നിർണ്ണയിക്കണം. പിന്നാക്കക്കാരുടെ പങ്കാളിത്തം എങ്ങനെ

## 13. കണ്ണാടി 1 (15 മിനിട്ട്)

പാഠപുസ്തകം പേജ് 39 ലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി ഉത്തരം എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു. പഠനനേട്ടം വിലയിരുത്തുക.

## 14. കണ്ണാടി 2 (20 മിനിട്ട്)

പാഠപുസ്തകം 40 ലെ നാടൻ പാട്ട് സംഘമായി ചൊല്ലി അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.